ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ സമയബന്ധിതമായ തീരുമാനം

14 (1542) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ നിയമനത്തിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന രീതിയും കാട്ടയും വ്യക്തമാക്കുമോ ;

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ നിയമനം നൽകുന്നതിനു കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശ്രിത നിയമനത്തിന് നിലവിലുള്ള ചട്ടങ്ങൾ പരാമർശിക്കുന്നത് 24-5-1999-ലെ സ.ഉ.(പി)നമ്പർ. 12/99/ഉഭപവ യിലാണ്. ടി ഉത്തരവിന്റെ 30 മുതൽ 38 വരെയുള്ള ഖണ്ഡികകളിൽ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കപ്പെടേണ്ട ഒഴിവുകളെക്കുറിച്ചും അതിലേയ്ക്കുള്ള നിയമന രീതിയെക്കുറിച്ചും വിശദമായ പരാമർശമുണ്ട്. ഇതു പ്രകാരം എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിലെ ആശ്രിത നിയമനം അതാത് വകുപ്പിൽ നിലവിലുള്ളതോ ഉടനുണ്ടാകുന്നതോ ആയ ഒഴിവിൽ നൽകേണ്ടതാണ്. ഇതിന് പ്രത്യേക ശതമാനം നിഷ്ക്കർഷിച്ചിട്ടില്ല. കാലതാമസം കൂടാതെ ആശ്രിതനിയമനം നൽകുക എന്നതാണ് ഈ ചട്ടത്തിന്റെ ലക്ഷ്യം. ഇത്തരത്തിൽ നിയമനം സാധ്യമല്ലാതെ വരുമ്പോൾ പൊതുഭരണ (സി ഇ സെൽ) വകുപ്പുവഴി ഒഴിവ് അലോട്ട് ചെയ്യുന്നതിനായി എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 5% എല്ലാ വകുപ്പധ്യക്ഷൻമാരും/നിയമനാധികാരികളും ടി വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. ഇതു കൂടാതെ അസിസ്റ്റന്റ് ഓഡിറ്റർ, വി.ഇ.ഒ., എൽ.ഡിക്ലർക്കിൽ എന്നീ തസ്തികകളിലെ 5% ഉം പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽവാർഡൻ എന്നീ തസ്തികകളിലെ 10%-ഉം ഒഴിവുകൾ പൊതുഭരണ (സി ഇ സെൽ) വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപേക്ഷകന് തന്റെ മാതൃവകുപ്പിൽ നിയമനം ലഭിക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ പൊതുഭരണ (സി ഇ സെൽ) വകുപ്പിൽ പേര് രജിസ്റ്റർ ചെയ്തതിനുശേഷം മുൻഗണനാ ക്രമത്തിൽ നിയമനം നേടാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശ്രിത നിയമന ചട്ടങ്ങളെക്കുറിച്ച് പല വകുപ്പുകളിലും വ്യക്തമായ ധാരണയില്ലാത്തതിനാലും ഭൂരിപക്ഷം അപേക്ഷകരും നിയമനം ലഭിക്കുന്നതിനായി എൽ.ഡി.ക്ലാർക്ക് തസ്തികതന്നെ തെരഞ്ഞെടുക്കുന്നതുകൊണ്ടുമാണ് ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. എൽ.ഡി.ക്ലാർക്ക് തസ്തികയൊഴികെയുള്ള മറ്റു തസ്തികകളിൽ പൊതുഭരണ (സി ഇ സെൽ) വകുപ്പിന് വർഷാവർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന 5% 10% ഒഴിവുകൾ ഇപ്പോൾ നികത്തപ്പെടാതെ കിടക്കുന്ന സാഹചര്യമാണുള്ളത്. കാലതാമസം ഒഴിവാക്കാൻ നിലവിൽ വ്യക്തമായ ചട്ടങ്ങളുണ്ടെന്നിരിക്കെ പുതിയ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly